# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2959** **15.02.2013 ൽ മറുപടിക്ക്**

**പ്ലസ് ടു തുല്യതാ കോഴ്സ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. എ.റ്റി.ജോർജ്ജ്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>( വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്ലസ് ടു തുല്യതാ കോഴ്സ് ആരംഭിക്കുന്ന കാര്യം പരിഗണന യിലുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഇക്കാര്യത്തിൽ സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പത്താംതരം തുല്യതാ കോഴ്സ് പാസായ 50,000 ത്തോളം പേർ തുടർപഠനം ലഭിക്കാതെ നിൽക്കുന്നുണ്ട്. ഓപ്പൺ സ്കൂൾ സംവിധാനം ഉപയോഗപ്പെടുത്താൻ 5% പേർക്ക് മാത്രമേ കഴിയുന്നുള്ളു. ഈ കോഴ്സ് പത്താംതരം തുല്യത കഴിഞ്ഞ് നിൽക്കുന്നവർക്ക് ഉപരിപഠനത്തിന് അവസരം നൽകുന്നതിനും അവരെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും സഹായകമാകുന്നതാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വിശദാംശ ങ്ങൾ എന്തെല്ലാം; | (ബി) | പലവിധ കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം നേടാനോ പൂർത്തിയാക്കാ നോ കഴിയാതിരുന്നവരും എന്നാൽ തുടർ പഠനം ആവശ്യമുള്ളവരുമായ പഠിതാക്കൾക്ക് വേണ്ടിയാണ് പ്ലസ് ടു തുല്യതാ കോഴ്സ് ഏർപ്പെടുത്താ നുദ്ദേശിക്കുന്നത്. പ്രധാനമായും പത്താംതരം തുല്യതാ പരീക്ഷ ജയിച്ച വരും പത്താംതരത്തിന് ശേഷമോ ഹയർ സെക്കൻഡറിയിൽ വച്ചോ പഠനം പൂർത്തീകരിക്കാൻ കഴിയാത്തവരുമായ പഠിതാക്കളെയാണ് ലക്ഷ്യമിടുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇത് നടത്തുന്നത്; വിശദമാക്കുമോ; | (സി), & (ഡി) | കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ നേതൃത്വത്തിലാണ് ഇത് നടത്തുന്നത്. സർക്കാർ നിയോഗിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് അംഗീകരിച്ച ശേഷം വിശദാംശങ്ങൾ വെളിപ്പെടുത്തുന്നതാണ്. |
| (ഡി) | എന്ന് മുതലാണ് ഇത് ആരംഭിക്കാനുദ്ദേശിക്കുന്നത്? | | |

സെക്ഷൻ ഓഫീസർ